KERALA POLICE INFORMATION CENTRE
Ph: 0471 2318188 Email: *info.pol@kerala.gov.in*

No.16/PR/PIC/PHQ/17 Date :28.01.2017

## പോലീസ് ആസ്ഥാനത്ത് ഉന്നതതല യോഗം ചേർന്നു

സംസ്ഥാനതലത്തിൽ പ്രവർത്തനങ്ങൾ വിലയിരുത്തുന്നതിന് എല്ലാ ജില്ലാ എസ്.പി.മാരുമായി നടത്തുന്ന വീഡിയോ കോൺഫറൻസിങ് ഇനി മുതൽ ആഴ്ചതോറും നടത്തുമെന്ന് സംസ്ഥാന പോലീസ് മേധാവി അറിയിച്ചു. തിരുവനന്തപുരം പോലീസ് ആസ്ഥാനത്ത് നടന്ന ഉന്നത ഉദ്യോഗസ്ഥരുടെ യോഗത്തിലാണ് ഈ തീരുമാനം ഉണ്ടായത്.

യു.എ.പി.എ. സംബന്ധിച്ച വിശദമായ ചർച്ചയും ഈ യോഗത്തിൽ നടന്നു. യു.എ.പി.എ. പ്രകാരമുള്ള മാനദണ്ഡങ്ങൾ കർശനമായി പാലിക്കണമെന്നും യു.എ.പി.എ. പ്രകാരം എടുത്ത കേസുകളിൽ കുറ്റപത്രം സമർപ്പിക്കാത്തവ പുന:പരിശോധിച്ച് വരികയാണെന്നും സംസ്ഥാന പോലീസ് മേധാവി പറഞ്ഞു.

പ്ലാൻ സ്കീം പ്രകാരമുള്ള പ്രവർത്തനങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള നിർദ്ദേശങ്ങളും സംസ്ഥാന പോലീസ് മേധാവി നൽകി. അടുത്ത വർഷത്തേയ്ക്കുള്ള പോലീസ് പ്രവർത്തനങ്ങളിൽ നൽകേണ്ട ഊന്നലുകൾ സംബന്ധിച്ച ചർച്ചകൾ നടന്നു. കൃത്യമായും ഒരു 'റോഡ് മാപ്പിന്റെ' അടിസ്ഥാനത്തിലാവണം പ്രവർത്തനങ്ങളെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചു. പരിശീലനം മെച്ചപ്പെടുത്തുന്നതിന് പ്രായോഗിക പ്രവത്തനങ്ങൾക്ക് ഊന്നൽ നൽകി സിലബസ് പരിഷ്കരിക്കുന്നകാര്യവും യോഗം ചർച്ച ചെയ്തു. ക്രൈംബ്രാഞ്ചിന്റെയും സ്പെഷ്യൽ ബ്രാഞ്ചിന്റെയും പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ സംസ്ഥാന പോലീസ് മേധാവി നൽകി. പോലീസ് പ്രവർത്തനങ്ങൾക്ക് ഏറ്റവും പുതിയ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തുന്നതിനാവശ്യമായ കാര്യങ്ങളും യോഗം ചർച്ച ചെയ്തു.

സംസ്ഥാന പോലീസ് മേധാവി ലോക്നാഥ് ബെഹ്റ, ഡി.ജി.പി.മാരായ ശങ്കർ റെഡ്ഡി, രാജേഷ് ദിവാൻ, മുഹമ്മദ് യാസിൻ, എ.ഡി.ജി.പി.മാരായ ഡോ.ബി. സന്ധ്യാ, നിതിൻ അഗർവാൾ, ഐ.ജി.മാരായ മനോജ് എബ്രഹാം, എം.ആർ. അജിത് കുമാർ, എസ്. സുരേഷ്, പി. വിജയൻ, ഡി.ഐ.ജി.മാരായ സ്പർജൻ കുമാർ, എം.പി.ദിനേഷ്, ഷെഫീൻ അഹമ്മദ്, ജില്ലാ പോലീസ് മേധാവിമാർ, മറ്റ് ഉന്നത പോലീസ് ഉദ്യോഗസ്ഥരും പങ്കെടുത്തു.

**********